©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

2636
16/2/21

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2021 ജനുവരി 28<br>28th January 2021<br>1196 മകരം 15<br>15th Makaram 1196<br>1942 മാഘം 8<br>8th Magha 1942 | നമ്പർ<br>No. | 336 |


കേരള സർക്കാർ

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 2/2021/മതുവ

തിരുവനന്തപുരം, 2021 ജനവരി 24

1196 മകരം 11

**എസ്. ആർ. ഒ. നമ്പർ 76/2021**

2014-ലെ കേരള മത്സ്യവിത്ത് ആക്റ്റിലെ (2015 ലെ 4) 13-ാം വകുപ്പ് (എ) ഖണ്ഡ പ്രകാരം ഉള്ള അധികാരം വിനിയോഗിച്ച കൊണ്ടു, കേരള സർക്കാർ, പൊതു ജലാശയത്തിൽ നിന്ന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശേഖരിക്കാവുന്ന കരിമീനിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം 100 മി.മീറ്ററായി നിജപ്പെടുത്തി ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടിങ്കു ബിസ്വാൾ

സെക്രട്ടറി

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗം ആകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്).

മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ട് ആണ് 2014-ലെ കേരളാ മത്സ്യവിത്ത് ആക്ട് (2015-ലെ 4). പ്രസ്തുത ആക്ടിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2020 ഡിസംബർ 29-ാം തീയതിയിലെ സ.ഉ(അച്ചടി)നമ്പർ 25/2020/മഉവ നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2020 ഡിസംബർ 30-ാം തീയതിയിലെ 3148-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നം.916/2020 നമ്പരായി മത്സ്യവിത്തുകളുടെ ഇനവും തരവും പ്രഖ്യാപിച്ച് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ 17-ാം ഇനമായി 'കരിമീൻ' ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ആക്ടിലെ 13-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം സർക്കാരിന്, സംസ്ഥാന മത്സ്യവിത്ത് കേന്ദ്രവുമായി കൂടിയാലോചിച്ച് വിജ്ഞാപനം ചെയ്യപ്പെട്ട ഏതെങ്കിലും തരത്തിലുള്ളതോ ഇനത്തിലുള്ളതോ ആയ മത്സ്യത്തിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്നതാണ്.

അനധികൃതമായി മത്സ്യബന്ധനത്തിലൂടെ കരിമീൻ വിത്ത് വ്യാവസായികാടിസ്ഥാനത്തിൽ ശേഖരിച്ച് വിൽക്കുന്നതിനാൽ ആ മത്സ്യത്തിന്റെ വംശനാശം ഉണ്ടാകും എന്ന സ്ഥിതി സംജാതമായിട്ടുണ്ട്. അതിനാൽ ആക്ടിന്റെ 13-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം പൊതുജലാശയത്തിൽ നിന്നും ശേഖരിക്കാവുന്ന കരിമീനിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം 100 മി.മീറ്ററായി നിജപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.01.28 05:37:03 +05:3